**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1659 | 07.03.2018-ൽ മറുപടിക്ക് |
|---|---|

**അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ പോലീസ് കസ്റ്റഡിയിൽ നിന്നും സമയബന്ധിതമായി വിട്ടുനൽകാത്തത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം കേസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വൈകിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) | അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി സമയബന്ധിതമായി വിട്ടുനൽകാറുണ്ട്. |
| (സി) | അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി വിട്ടു നൽകാത്തതുമൂലം കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | അപകടത്തിൽപ്പെട്ട് കേസ്സുകളിൽ ഉൾപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി താമസംവിനാ വിട്ടുനൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ